# 6

# ബന്ധനം

**മത്തായി 26:47-56; മർക്കൊസ് 14:43-52;**
**ലൂക്കൊസ് 22:47-53; യോഹന്നാൻ 18:2-12**

*"അവൻ സംസാരിക്കുമ്പോൾ തന്നേ, പന്തിരുവരിൽ ഒരുത്തനായ യൂദയും, അവനോടുകൂടെ മഹാപുരോഹിതന്മാരും, ജനത്തിന്റെ മൂപ്പന്മാരും അയച്ച വലിയോരു പുരുഷാരവും, വാളും വടികളുമായി വന്നു" (മത്തായി 26:47).*

യേശു എവിടെ ആയിരിക്കുമെന്നു യൂദാക്ക് അറിയാമായിരുന്നു. അവരെ യേശുവിന്റെ അടുക്കൽ എത്തിക്കാമെന്നു യൂദാ യെഹൂദ പ്രമാണിമാരോടു പറഞ്ഞിരുന്നു. യേശു പ്രാർത്ഥിക്കുകയായിരിക്കുമെന്നു അവനറിയാമായിരുന്നു - പക്ഷെ അവൻ യേശുവിനെ അറിഞ്ഞില്ല!

യേശുവിനെ കുറിച്ചു നമുക്കറിയാം, എന്നാൽ വാസ്തവത്തിൽ നമുക്കു യേശുവിനെ അറിയാമോ? യൂദായ്ക്ക് എങ്ങനെ യേശുവിനെ അറിയാതിരിക്കാൻ കഴിഞ്ഞു? നാം എന്തുകൊണ്ടു അവനെ അറിയുന്നില്ല? നമ്മിൽ എല്ലാവരിലും ഒരു "യൂദാ" പ്രവർത്തിക്കുന്നുണ്ടോ? നാം മത്തായി 26, മർക്കൊസ് 14, ലൂക്കൊസ് 22, യോഹന്നാൻ 18 വളരെ ശ്രദ്ധയോടെ വായിക്കണം.

യൂദായുടെ നേതൃത്വത്തിൽ പുരുഷാരം എത്തി. ആൾക്കൂട്ടത്തിൽ മനുഷ്യന്റെ വ്യക്തിത്വം നഷ്ടമാകും. വെറുപ്പു വിചാരത്തെ അകറ്റും. ആയുധങ്ങളേന്തിയ പുരുഷാരം ഭയന്നിരുന്നു - യേശുവിനെ മരണത്തിനു ഏല്പിക്കുവാൻ ഭയമായിരുന്നു. മരിച്ച ലാസറിനെ യേശു ഉയിർപ്പിച്ചതു അവർ നിഷേധിക്കയോ സംശയിക്കയോ ചെയ്തില്ല. വാസ്തവത്തിൽ, അവർ ലാസറിനെയും വക വരുത്തുവാൻ ആലോചിച്ചിരുന്നു (യോഹന്നാൻ 12:10). അവരുടെ പരിഹാരം യൂദാ ആയിരുന്നു; യേശു നിരവധി ശിഷ്യന്മാരാൽ ചുറ്റപ്പെടാത്ത ഒരു അവസരം യൂദാ അവർക്കായി കണ്ടെത്തി (മത്തായി 26:14–16; മർക്കൊസ് 14:10, 11; ലൂക്കൊസ് 22:3–5).

ഇതെത്ര വിസ്മയാവഹം! ആയുധരഹിതനായ പ്രവാചകനെ പിടിക്കുവാൻ നൂറു കണക്കിനു ആയുധധാരികളെത്തി. യേശു തുറസ്സായ സ്ഥലത്തുനിന്നുകൊണ്ട്, "അതു ഞാൻ തന്നേ," എന്നവരോടു പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു! (നോക്കുക യോഹന്നാൻ 18:3–6.)

ആ കൂട്ടത്തെ യൂദാ ആണ് യേശുവിന്റെ അടുക്കൽ എത്തിച്ചത്, എന്നിട്ടും അപ്പോൾ അവൻ യേശുവിനെ വിളിച്ചതു "ഗുരു" എന്നാണ് (മത്തായി 26:49). യേശു അപ്പോഴും അവനെ "സ്നേഹിതാ" എന്നു വിളിച്ചിരുന്നു (മത്തായി 26:50). അതൊരു പരിഹാസമായിരുന്നോ? ഒരു പക്ഷെ അല്ലായിരിക്കാം. ഇതു യൂദയെ പശ്ചാത്തപിക്കുവാൻ സഹായിച്ചോ? ഒരു പക്ഷെ.

പത്രൊസ്, ഭയന്നു, അഭയത്തിനായി എതിർത്തു. അവൻ വാളൂരി മൽക്കൊസിന്റെ വലതു കാത് അറുത്തു കളഞ്ഞു! തന്റെ വാൾ എങ്ങനെ ഉപയോഗിക്കണമെന്നു പത്രൊസിനു അറിയാമായിരുന്നു. ആരിൽ അത് ഉപയോഗിക്കണമെന്നു അവനറിയാമായിരുന്നു (മൽക്കൊസ്, ഒരു ദാസൻ ആയിരുന്നു, ഉദ്യോഗസ്ഥനായിരുന്നില്ല). അവൻ പറഞ്ഞുകൊണ്ടിരുന്നു, "നിങ്ങൾക്കു ഞങ്ങളെ കൊല്ലാം, എന്നാൽ നിങ്ങളിൽ ചിലരെങ്കിലും മരിക്കും." യേശു പത്രൊസിനോടു വാൾ ഉറയിൽ ഇടുവാൻ പറഞ്ഞിട്ടു മൽക്കൊസിന്റെ ചെവി അവൻ സൗഖ്യമാക്കി. (നോക്കുക മത്തായി 26:51, 52; മർക്കൊസ് 14:47; ലൂക്കൊസ് 22:50, 51; യോഹന്നാൻ 18:10, 11.)

അവന്റെ പാപത്തിൽ നിന്നു നമ്മെ വിട്ടു മാറ്റുവാൻ യൂദായുടെ കഷ്ടാവസ്ഥ നാം പരിശോധിക്കണം (മത്തായി 27:3–10). അവൻ യേശുവിനെ ഒറ്റിക്കൊടുത്തതിനു കിട്ടിയ പണം മടക്കികൊണ്ടു വന്നു (മുപ്പതു വെള്ളിക്കാശ്); ഇപ്പോൾ അവന്നു അതു വിലയില്ലാതായി. ഒറ്റിക്കൊടുത്തവന്റെ മനസാക്ഷിക്കുത്ത് അഹങ്കാരത്തോടെയായിരുന്നു, താഴ്മയോടെ മാനസാന്തരപ്പെട്ടുകൊണ്ടായിരുന്നില്ല. അവൻ കെട്ടിത്തൂങ്ങി ചത്തു.

യൂദാക്കു തന്റെ തെറ്റു കാണുവാൻ കഴിഞ്ഞു, പക്ഷെ അവനു തന്റെ രക്ഷകനെ കാണുവാൻ കഴിഞ്ഞില്ല. അവൻ പോയി തന്നെത്താൻ ചത്തു കളഞ്ഞു. ആരും അവനെ വെട്ടി വീഴ്ത്തിയില്ല (പ്രവൃത്തികൾ 1:15–19). പാപത്തിനു ഭയങ്കര പ്രത്യാഘാതങ്ങളാണുള്ളത്. ഒറ്റിക്കൊടുപ്പുകാരൻ "തന്റെ സ്ഥാനത്തേക്കു പോയി" (പ്രവൃത്തികൾ 1:25) പിന്നെ അവനെ തിരുവെഴുത്തിൽ വീണ്ടും പറയുന്നില്ല. അവൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നാണ് യേശു അവനെ കുറിച്ചു പറഞ്ഞത് (മത്തായി 26:24; മർക്കൊസ് 14:21)!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today